

എൻ.എസ്.എസ്.എച്ച്.എസ്.എസ് പ്രാക്കുളം



# മന്നത്ത് പത്മനാഭൻ

**"കരയുന്നവനു ജീവിക്കാനുള്ള ലോകമല്ല ഇന്നത്തേത്.**
**പൗരുഷത്തോടുകൂടി കാര്യം പറയുന്ന ധൈര്യശാലികൾക്ക് മാത്രമേ**
**ജീവിക്കാൻ മാർഗമുള്ളൂ."**

# പ്രാക്കുളത്തെ അക്ഷരമുത്തശ്ശിക്ക് നൂറ്റിഒന്നിന്റെ തലയെടുപ്പ്




അക്ഷര വെളിച്ചമില്ലാതിരുന്ന കാലത്ത് നാടിന്റെ മുഖശ്രീയായി രൂപമെടുത്ത വിദ്യാലയത്തിന് പുതു തലമുറയോട് പറയാൻ കഥകളേറെയുണ്ട്. ശതാബ്ദിയുടെ നിറവിൽ നിൽക്കുന്ന ഈ സരസ്വതി ക്ഷേത്രം നിരവധി പേരെയാണ് ഉന്നതങ്ങളിലേക്ക് കൈ പിടിച്ചുയർത്തിയത്.നവോത്ഥാനനായകനും മുൻകാല രാഷ്ട്രീയ പ്രവർത്തകനുമായ കുമ്പളത്ത് ശങ്കുപ്പിള്ളയുടെ ജ്യേഷ്ഠസഹോദരനും എൻ. എസ്. എസ്. നേതാവുമായിരുന്ന പ്രാക്കുളം പരമേശ്വരൻ പിള്ളയാണ് വിദ്യാലയം സ്ഥാപിച്ചത്.1917 ൽ വെറും നാല് വിദ്യാർത്ഥികളുമായി പ്രവർത്തനമാരംഭിച്ച സ്കൂളിന് അംഗീകാരം ലഭിച്ചത് തൊട്ടടുത്ത വർഷമാണ്. കൊല്ലം ജില്ലയിലെ രണ്ടാമത്തെ സ്വകാര്യ സ്കൂളായിരുന്ന പ്രാക്കുളം എൻ. എസ്. എസ്. ഹയർ സെക്കൻഡറി സ്കൂൾ.ഇന്ന് യു.പി, എച്ച്.എസ്, എച്ച്. എസ്. എസ് വിഭാഗങ്ങളിലായി 1200-ഓളം വിദ്യാർത്ഥികളിന്നിവിടെ പഠിക്കുന്നുണ്ട്.

# NSS HSS PRAKKULAM

## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ
രൂപീകൃതമായ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. ഹാർഡ് വെയർ,
അനിമേഷൻ, ഇലക്ട്രോണിക്സ്, സൈബർ സുരക്ഷ, മലയാളം കംമ്പ്യൂട്ടറിങ്ങ്, പ്രോഗ്രാമിങ്ങ്, മൊബൈൽ ആപ്പ് നിർമാണം, റോബോട്ടിക്സ്, വെബ് ടിവി തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക്
പ്രത്യേക വൈദഗ്ധ്യം നൽകുന്നതാണ് "ലിറ്റിൽ കൈറ്റ്സ്" പദ്ധതി.
ഈ കുട്ടികൾക്കായി പരിശീലനങ്ങൾക്ക് പുറമേ വിദഗ്ധരുടെ ക്യാമ്പുകൾ, ക്ലാസുകൾ, ഇൻഡസ്ട്രി വിസിറ്റുകൾ എന്നിവ സംഘടിപ്പിക്കുന്നു. സ്കൂളുകളിലെ ഹാർഡ് വെയർ പരിപാലനം, രക്ഷകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത, ഭിന്നശേശിക്കാർക്കുള്ള പ്രത്യേക പരിശീലനം, പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത് നൽകൽ, വിക്കേട്ടീലേക്കുള്ള ഉള്ളടക്ക നിർമാണം സ്കൂൾതല വെബ് ടിവികൾ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾ സംഘടിപ്പിക്കുന്നു.ഈ പദ്ധതിയുടെ ഭാഗമായി എൻ. എസ്. എസ്. എച്ച്. എസ്. എസ്. പ്രാക്കുളം ഇ–മാഗസിനായ 'സചേയ' കുട്ടികൾക്കായി സമർപ്പിക്കുന്നു.

**സചേയ**

# ഉള്ളടക്കം

ആശംസ

സഖേയയ്ക്ക് പിന്നിൽ

എന്റെ ഗ്രാമം

അരവിന്ദന്റെ കുടുംബം

സ്നേഹ സന്ദേശം

കർഷക ജീവിതം

സത്യസന്ധതയുടെ ഫലം

വനനശീകരണം

യാത്ര

സ്വർണ്ണമീനും കാക്കയും

അമ്പിളി അമ്മാവൻ

ഓർമ്മച്ചെപ്പ്

അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്കയും

ചിത്രരചന

എങ്ങനെ നല്ല അദ്ധ്യാപകനാകാം

*Importance of education*

*Rain*

*Blue Waves*

# ആശംസ



കെ.റ്റി.ശ്രീകുമാർ

(ഹെഡ്മാസ്റ്റർ എൻ.എസ്.എസ്.എച്ച്.എസ്.എസ്.പ്രാക്കുളം)

*പ്രാക്കുളം എൻ.എസ്.എസ്.എച്ച്.എസ്.എസിൽ 2018-ൽ നിലവിൽ വന്ന 'ലിറ്റിൽ കൈറ്റ്സ്' എന്ന ഐ.റ്റി അധിഷ്ഠിത*

*പ്രവർത്തനങ്ങളുടെ ഭാഗമായ 'ഇ-മാഗസീൻ',"സഖേയ" എന്ന പേരിൽ കുട്ടികൾ പ്രസിദ്ധീകരിക്കുന്നു.ഈ വേളയിൽ ഇതിനായി പ്രവർത്തിച്ച എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എന്റെ അഭിനന്ദനങ്ങൾ.സ്കൂളിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനുള്ള ഇത്തരം പ്രവർത്തനങ്ങൾ ഇനിയും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.ഇതിനായി അക്ഷീണം പ്രവർത്തിച്ച കൈറ്റ് മാസ്റ്റർ ശ്രീകാന്ത് സാറിനും കൈറ്റ് മിസ്ട്രസ്സ് ഇന്ദു ടീച്ചറിനും കൈറ്റ് അംഗങ്ങൾക്കും എന്റെ അഭിനന്ദനങ്ങൾ.*

## സഹേയയ്ക്ക് പിന്നിൽ പ്രവർത്തിച്ച

## 'ലിറ്റിൽ കൈറ്റ്സ്' കുട്ടികൾ

ഷെബിന

ആരോമൽ

അൽത്താഫ്

അപർണ

ഫാത്തിമ

റിസാന

ആതിര

അഞ്ജന

ജോഹാൻ

അഖില

ഷുഹൈബ്

അഖില അനിൽകുമാർ

സാന്ദ്ര

രേവതി

വിവേക്

# എന്റെ ഗ്രാമം

എത്ര മനോഹരമെൻ ഗ്രാമം
പെരുമൺ എന്നൊരു പൊൻഗ്രാമം
തിങ്ങി വളർന്ന തെങ്ങുകളും
ചുറ്റിവളഞ്ഞ അഷ്ടമുടിക്കായലും
എൻ ദേശത്തിന് പൊൻശോഭയേകുന്നു
ഒത്തു ചേർന്ന വീടുകളും
കൂടി ചേർന്ന ജനങ്ങളും
പച്ച പിടിച്ച പാടങ്ങളും
പച്ച പിടിച്ച മലകളും
എത്ര മനോഹരമെൻ ഗ്രാമം
പെരുമൺ എന്നൊരു പൊൻ ഗ്രാമം

By
Abhinandh
Class:6

# അരവിന്ദന്റെ കുടുംബം

ഒരു നീണ്ട നിലാവിന്റെ വിരാമത്തിൽ ഒറ്റപ്പെട്ടു പോയ ഒരു കുടുംബം.അതിജീവന മാർഗത്തിനായി യാതൊന്നും അവരുടെ പക്കലില്ല. അവരുടെ വീടു മുഴുവൻ വെള്ളത്താൽ മുങ്ങിക്കിടക്കുന്നു.മുഴുവനും എന്നാൽ മുഴുവനുമല്ല പകുതിയോളം.
പുറത്തിറങ്ങാൻ പറ്റാതെ അവർ വളരെ കഷ്ടപ്പെട്ടു. ഗൃഹനാഥനായ അരവിന്ദന് വീട്ടിലുള്ള വരെ എല്ലാം വിളിച്ച് കൂട്ടി പ്രവേശക മുറിയിൽ മെഴുകുതിരിയുടെ അരണ്ട വെളിച്ചം . ആരും അന്ന് അവിടെ ഒരു പോള കണ്ണടച്ചിട്ടില്ല.വീട്ടിൽ നിന്ന് പുറത്തിറങ്ങണോ വേണ്ടയോ എന്ന് ഉള്ള ഒരു അവസ്ഥ ആയിരുന്നു ആകെ അവിടെ നിലനിന്നിരുന്നത്. തികച്ചും വ്യത്യസ്തമായ ഒരു വിറപ്പിക്കുന്ന അവസ്ഥ. വെള്ളത്തിന്റെ ശക്തിയിൽ വീടിനു വല്ല ക്ഷതവും സംഭവിക്കുമോ എന്നുള്ള ആശങ്ക അരവിന്ദനെയും കുടുംബത്തെയും ആട്ടിയുലച്ചു.കുറെ നേരം നീണ്ടുനിന്ന പിറുപിറുക്കലിനു ശേഷം രംഗം ആകെ മാറി.പെട്ടെന്ന് അരവിന്ദനും തന്റെ ഭാര്യയും മകളും വേലക്കാരുമൊക്കെ അങ്ങോട്ടു മിങ്ങോട്ടും നെട്ടോട്ടമോടാൻ തുടങ്ങി. വേലക്കാർ എന്നാൽ വേല മാത്രം ചെയ്യുന്നവർ  എന്നു മാത്രമല്ല.

ആ വീട്ടിലെ  അംഗങ്ങൾ തന്നെയായിരുന്നു അവർ. ഉണ്ട ചോറിന് നന്ദി കാണിക്കുന്നവർ എന്ന പ്രസ്താവനെയെക്കാൾ ഇവരെ വിശേഷിപ്പിക്കാൻ മറ്റൊന്നില്ല.അന്നു ആ നെട്ടോട്ടം ഉണ്ടായിരുന്നതിന പിന്നിലും സംഭവ ബഹുലമായ കാരണം

ഉണ്ടായിരുന്നു. ഏതാണ്ട് മൂന്നാല് ദിവസമായി വെള്ളം കേറികിടക്കുന്നു. അങ്ങനെ നെട്ടോട്ടവും കടിപിടിയും കഴിഞ്ഞു. അങ്ങനെ അവരെ കാത്തിരുന്ന വലിയ ദുരന്തം. വള്ളമോ ഹെലികോപ്റ്ററോ ഒന്നും അയാളുടെ വീടിന് സമീപത്തേക്ക്  വന്നിരുന്നില്ല. കണ്ടാലിപ്പോൾ പുഴയും കായലും സംഗമിക്കുന്ന ഒരിടംപോലാണ്. ആരൊക്കെയോ ചേർന്ന് രക്ഷപെടുത്തി ദുരിതാശ്വാസക്യാമ്പിലെത്തിച്ചു.

ദുരിതാശ്വ സ്ഥലത്ത് അവർക്ക് പ്രവർത്തകർ ഭക്ഷണം നൽകി. ഒടുവിൽ വെള്ളം ഇറങ്ങിയപ്പോൾ വൃത്തിയാക്കലും മറ്റും കഴിഞ്ഞ് അവരുടെ വീട്ടിൽ താമസമാരംഭിച്ചു.

AKHIL S
10 D

# സ്നേഹസന്ദേശം

മഞ്ചാടി എന്ന ഗ്രാമത്തിൽ ഒരു കൃഷിക്കാരനും ഭാര്യയും താമസിച്ചിരുന്നു.കൃഷിക്കാരന്റെ വരുമാനത്തിലാണ് ആ കുടുംബം
കഴിഞ്ഞിരുന്നത്.ഒരിക്കൽ കൃഷക്കാരൻ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ നാലു ചെറുപ്പക്കാർ വാതിലിൽ മുട്ടി. ഭാര്യ കതകു തുറന്നു.ഭാര്യ ചോദിച്ചു ആരാണ് നിങ്ങൾ?അവർ പറഞ്ഞു,ഞങ്ങൾ ധനം,സമാധാനം,ഐശ്വര്യം,സ്നേഹം എന്നിവരാണ്.ഞങ്ങളെ ഒരു ദിവസം ഇവിടെ താമസിപ്പിക്കാമോ?പക്ഷേ ഞങ്ങളിൽ ഒരാളെ മാത്രമേ വീട്ടിലേക്കു ക്ഷണിക്കാനാവൂ.ഈ കാര്യം ഭാര്യ കൃഷിക്കാരനോടു പറഞ്ഞു.ധനത്തിനെ വിളിക്കാമെന്ന് ഭാര്യ പറഞ്ഞു.അപ്പോൾ പണത്തിന് ഒരു കുറവുമുണ്ടാകുകയില്ല.അൽപ്പ സമയം ആലോചിച്ചതിനു ശേഷം കൃഷിക്കാരൻ പറഞ്ഞു നീ പോയി സ്നേഹത്തെ വിളിക്ക്.മനസ്സില്ലാ മനസ്സോടെ സ്നേഹത്തെ അകത്തേക്ക് വിളിച്ചു.അപ്പോൾ സമാധാനം പറഞ്ഞു.സ്നേഹമുള്ളിടത്തല്ലേ ഞാനു മുണ്ടാകേണ്ടത് എന്ന് പറഞ്ഞ് സമാധാനം അകത്തേക്കു കയറി.സ്നേഹവും സമാധാനവും ഉള്ളിടത്തല്ലേ ഞാനുമുണ്ടാവേണ്ടത് എന്ന് പറ ഞ്ഞ്
ഐശ്വര്യവും അകത്ത് കയറി.നിങ്ങൾ മൂന്നുപേരും ഉള്ളടത്തല്ലേ ഞാനും ഉണ്ടാകേണ്ടത് അങ്ങനെ ധനവും അകത്ത് കയറി.

ഗുണപാഠം:സ്നേനഹമുള്ളടുത്തെ ഐശ്വര്യവും,ധനവും,സമാധാനവും ഉണ്ടാകൂ.കാരണം സ്നേഹം എല്ലാത്തിനും മീതെയാണ്.

ദേവിക.എസ്

**5B**

# കർഷക ജീവിതം

ഒരിടത്ത് ഒരു ഗ്രാമമുണ്ടായിരുന്നു . ആ ഗ്രാമത്തിലെ ആളുകൾ കൃഷിചെയ്യുന്നവരായിരുന്നു .അത് രാജാക്കൻ മാരുടെ സ്ഥലങ്ങളായിരുന്നു .അവർ സ്വന്തമായി അധ്വാനിച്ച് ചന്തകളിൽ വിറ്റ് പണമുണ്ടാക്കി ജീവിക്കുന്നവരായിരുന്നു. ഗ്രാമവാസികൾ അവർക്ക് ഒന്നിനും അവിടെ കുറവില്ലായിരുന്നു .അതിനാൽ അവിടെ കൃഷി കൂടുതലായി ഉയർന്നുവന്നുകൊണ്ടേ ഇരുന്നു .പണ്ടത്തെ പോലെ ഒരുപാട് കൃഷി കൂടുതലും പണം കൂടുതലും ആ ഉയർന്നുവരവോടെ അവർക്ക് അത് കിട്ടി തുടങ്ങി .ആളുകളിൽ ആഹ്ലാദത്തിന്റെ ആഘോഷം .പാടങ്ങളിൽ നെൽക്കതിരുകൾ കൊത്തുന്ന തത്തകൾ ,കുളങ്ങളിൽ നീന്തി കുളിക്കുന്ന ചെറുമീനുകൾ ,ചെന്താമരകൾ തുടങ്ങിയവ എന്ന വിശാലമായ കാഴ്ചകളാണ്
പാടത്തിന്റവക്കത്തായിഇരിക്കുമ്പോൾകാണാൻകഴിയുന്നത്അഞ്ചാറുമാസ ങ്ങളായി കൃഷി വളരെ കുറവാണ് .ഈ കാഴ്ചകളെല്ലാം കാണാൻ കഴിയുന്നില്ല കാരണം അവിടേക്ക് വിദേശികൾ വന്നു താമസിച്ചിരുന്നു ആ വിദേശികൾ ഒരുപാട് ഭൂമി വിലയ്ക്ക് വേടിച്ചു അതിനാൽ കൃഷി ചെയ്യാൻ തുടങ്ങി .കൃഷി വ്യാപിച്ചു തുടങ്ങി മറ്റുള്ളവരുടെ കൃഷിയേക്കാൾ ഉയർ ന്നുവന്നു മറ്റുള്ളവരുടെ കൃഷികൾ മോഷ്ടിക്കാനായി തുടങ്ങി അങ്ങനെ ഗ്രാമവാസികൾ ഗ്രാമത്തിലെ  ഉയർന്ന പദവിയലുള്ള ആളോടുകാര്യം പറഞ്ഞു അയാൾ വിദേഷിയുടെ പത്തായത്തിൽ നിന്ന് അരി മുഴുവൻ എടുത്ത് ഗ്രാമവാസികൾക്ക് കൊടുത്തു ബാക്കി അയാളുടെ കൈയിലുണ്ട് വിദേഷി തിരക്കാനായി പദവി സ്വികരിച്ചു അയളോട് കാര്യം  പറഞ്ഞു .പദവി സ്വികരിച്ച അയാൾ വിദേശിയോട് പറഞ്ഞു "ഇനി മേലാൽ മറ്റുള്ളവരുടെ വക മോഷ്ടിക്കുകയോ അയാളെ കളിയാക്കുകയോ ചെയ്യരുത് ആ തിരിച്ചടി നമുക്കായിരിക്കും "വിദേശി പറഞ്ഞു  'ഞാൻ ഇനി ചെയ്യില്ല 'അങ്ങനെ അയാളുടെ വിദേശി എന്ന പേര് മാറി കർഷകൻ എന്ന പേരാവുകയും  നല്ല സ്വഭാവത്തോടും ഇനിയും വരും കാലം ജീവിച്ചിരിക്കുകയും ചെയ്തു.

ഗുണപാഠം

നമ്മൾ മറ്റുള്ളവരെ കളിയാക്കുകയോ അവരുടെ വക മോഷ്ടിക്കുകയോ ചെയ്യരുത്
അത് നമ്മുടെ ഭാവിയിൽ തിരിച്ചടിക്കും നമ്മൾ  മറ്റുള്ള വരെ പോലെ ജീവിക്കണ൦

'എന്റെ ജീവിതമാണ് എന്റെ സന്ദേശം'

ദുർഗ ശ്രീനിവാസൻ

6 A

# സത്യസന്ധതയുടെ ഫലം

പണ്ടൊരു ഗ്രാമത്തിൽ ഒരു കർഷക കുടുംബം ഉണ്ടായിരുന്നു. അച്ഛനും, അമ്മയും, മകളും അടങ്ങുന്നതായിരുന്നു ആ കുടുംബം. അമ്മു എന്നായിരുന്നു മകളുടെ പേര്. അവൾ മിടുക്കി ആയിരുന്നു. വളരെ കുറച്ചു ഭൂമി മാത്രമേ അവർക്കുഉണ്ടായിരുന്നുള്ളു. ആ ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്തു ആണ് ജീവിച്ചിരുന്നത്. അങ്ങനെ ഇരിക്കെ ഒരു ദിവസം ആ ഗ്രാമത്തിലെ ഗ്രാമത്തലവൻ നാട് ചുറ്റാൻ ഇറങ്ങി. അദ്ദേഹം നാട്ടുകാരുടെ ക്ഷേമം എല്ലാം തിരക്കി തിരികെ ഗൃഹാത്തുലേക്കു പോയി. വീട്ടിൽ എത്തിയപ്പോൾ ആണ് തന്റെ കൈയിൽ കിടന്ന വളരെ വിലപിടിപ്പുള്ള രക്‌ന മോതിരം കാണാൻ ഇല്ല എന്ന് അദ്ദേഹം തിരിച്ചറിഞ്ഞത്. ഉടൻ തന്നെ അദ്ദേഹത്തിന്റെ ജോലിക്കാർ നാല് പാടും മോതിരം അന്വേഷിച്ചു. പക്ഷെ കണ്ടെത്താൻ ആയില്ല. അങ്ങനെ ഇരിക്കെ ഒരു ദിവസം അമ്മു അവരുടെ പച്ചക്കറി തോട്ടത്തിൽ പച്ചക്കറി പറിക്കാൻ പോയപ്പോൾ അവിടെ ഒരു തിളക്കം കണ്ടു. അമ്മു അടുത്തേയ്ക്കു ചെന്നപ്പോൾ ഒരു

മോതിരം കിടക്കുന്നത് കണ്ടു അവൾ അതെടുത്തു അച്ഛന്റെ അടുത്തേക്ക് ചെന്ന്. മോതിരം കണ്ട അച്ഛൻ പറഞ്ഞു. ഇത് ഗ്രാമത്തലവന്റേതാണ് അമ്മുവും അച്ഛനും ഉടനെ മോതിരവും ആയി ഗ്രാമത്തലവന്റെ വീട്ടിൽ ചെന്ന്. മോതിരം തിരികെ നൽകി. ഗ്രാമ തലവൻ സന്തോഷവാനായി. അദ്ദേഹം അമ്മുവിനും അച്ഛനും ഒരുപാട് സമ്മാനങ്ങൾ നൽകി. അമ്മുവിൻറെ അച്ഛന് അവിടെ ജോലി നൽകുകയും ചെയ്തു

ഇതിൽ നിന്ന് നമ്മൾക്ക് എന്താണ് മനസ്സിലാക്കാൻ കഴിഞ്ഞത്; മനുഷ്യ ജീവിതത്തിൽ സത്യസന്ധത വളരെ അത്യവശ്യമാണ്.

നന്ദന ഷിബു
5 B

# വനനശീകരണം

പ്രകൃതി നമ്മുടെ ജീവനാണ്.പ്രകൃതിയുടെ ഒരു ഭാഗമാണ് വനം. അപ്പോൾ നമ്മുടെ ജീവന്റേയും ഒരു ഭാഗമാണ് വനം.നമ്മൾ മനുഷ്യർ എത്ര മാത്രം വനത്തെ ദ്രോഹിക്കുന്നു.പക്ഷേ അവർ നമുക്ക് വായുവാണ്,ജീവൻ നിലനിർത്തുന്ന കാറ്റാണ്. നമ്മൾ മരങ്ങൾ വെട്ടിനശിപ്പിക്കുന്നു.
കാടുകൾ വെട്ടി നികത്തുന്നു. പ്രകൃതിയിൽ നമുക്കുള്ള സ്ഥാനം തന്നെ മരങ്ങൾക്കും കാടുകൾക്കും ഉണ്ട്.പ്രകൃതി ഇല്ല എങ്കിൽ നമുക്ക് ജീവിക്കാൻ കഴിയില്ല.ജീവന്റെ ഒരു ഭാഗമാണ് പ്രകൃതി.വനം നമ്മൾ സംരക്ഷിക്കണം.വനം നശിപ്പിച്ചാൽ നമ്മുടെ ജീവിതം തന്നെ ഇല്ലാതാകും.പ്രകൃതിയും വനവും എല്ലാം നമ്മുടെ ദൈവവും,അമ്മയുമാണ്.നമ്മൾ നമ്മുടെ ജീവനു എത്ര മാത്രം വിലകൽപ്പിക്കുന്നുവോ അതിലേറെ നമ്മൾ വനങ്ങൾക്ക് വിലകൽപ്പിക്കണം.വനം നമ്മുടെ ദൈവമാണ്.

നമുക്ക് പ്രകൃതി വായു തരുന്നു.ഒരു നിമിഷം ഒന്നോർത്തു നോക്കു വനം ഇല്ലായിരുന്നു എങ്കിൽ നമ്മൾ മരിച്ചു പോകും.നമ്മുടെ ഒരോ ജീവനും വനങ്ങളിലാണ്.നമ്മുടെ ജീവൻ കാക്കുന്നവരെ തന്നെ നമ്മൾ വെട്ടി നശിപ്പിക്കുന്നു.നമ്മൾ എത്ര ക്രൂരതയാണ് ചെയ്യുന്നത്.നമ്മുടെ ജീവൻ വനത്തിലാണ്.
വനങ്ങൾ വെട്ടി നശിപ്പിച്ചാൽ പിന്നീട് നമുക്ക് ശ്വസിക്കാൻ ഓക്സിജൻ ഇല്ല. വനങ്ങൾ ഒരിക്കലും നമ്മൾ വെട്ടി നശിപ്പിക്കരുത്.അതിനു പകരം നമ്മൾ

മരങ്ങൾ വെച്ചുപിടിപ്പിക്കണം.ഒരോ മരങ്ങളും ഒരോ ജീവനുകളാണ്.ജീവിതം നമുക്ക് വളരെയധികം വിലപ്പെട്ടതാണ്.
കാടുകളില്ലായെങ്കിൽ നമുക്ക് ജീവിതമില്ല.ഇന്നുമുതൽ നമ്മൾ ഒരു പ്രതിജ്ഞ എടുക്കണം, ഒരിക്കലും മരങ്ങൾ വെട്ടി നശിപ്പിക്കില്ല എന്ന്. ജീവിതമാണ് കൈവിളക്ക്.പക്ഷേ നമ്മുടെ ജീവിതം വനങ്ങളുടെ കൈകളിലാണ്.

ജീവിതം വളരെയധികം പ്രധാനമാണ്.വനവും വളരെയധികം പ്രധാനമാണ്. വനം സംരക്ഷിക്കാൻ നമുക്ക് കഴിയുന്ന ഒരോ പ്രവൃത്തികളും നമ്മൾ ചെയ്ത് കാണിക്കണം.വനം ജീവീതത്തിന്റെ നിറമാണ്. വനത്തിനോട് നമ്മൾ കനിവ് കാണിക്കുന്നില്ല.തിരിച്ച് ഒരോ ജീവനോടും വനങ്ങൾ കനിവ് കാട്ടും.ഇനി മുതൽ വനം നമ്മുടെ ഹൃദയ തുടിപ്പാകണം.കഴിഞ്ഞ പ്രാവശ്യം പ്രളയം വന്നപ്പോഴും മരങ്ങൾ ഒരു പാട് നശിച്ചു.വനം നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമാകണം.എന്റെ ജീവന്റെ ഒരു ഭാഗമാണ് മരം.വനത്തെ അമ്മയായികാണണം.വനത്തെ ഞാനെന്റെ ജീവനേക്കാളേറെ സ്നേഹിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു,ഞാനിനി മുതൽ വനങ്ങൾ നശിപ്പിക്കില്ല.മറിച്ച് മരങ്ങൾ വെച്ചുപിടിപ്പിക്കണം.

**NEETHU MANOJ**
**7 C**

# യാത്ര

പകലിന്റെ വഴിയിലൂടെ ഒഴുകും നദി.
നിലാവിന്റെ വെളിച്ചത്തിൽ ഒഴുകും നദി.
വലിയ ഒരു യാത്രയിൽ മുഴുകും നദി.
പാറക്കിടയിൽ ഒഴുകും നദി.

പുല്ലിൽ തഴുകി ഒഴുകും നദി.
മിന്നും കിനാക്കളെ നോക്കി നദി.
യാത്രക്കു മുന്നിൽ പതറില്ല നദി.
മിന്നും കിനാക്കളെ സുന്ദരമാക്കി.

മുത്തി നനച്ചു പോകും നദി.
കുളിർമയുടെ സ്വപ്നം നദി.
യാത്രയുടെ കിനാക്കൾ നദി.
നദിയുടെ ജീവിതം ഒരു യാത്ര.

മാരുതൻ ചിറകിന്റെ ചിത്രം നദി.
പൊന്നിൻ വെളിച്ചം തരും നദി.
നദിയുടെ ജീവിതം യാത്ര തുല്യം.
നദിയുടെ അർത്ഥം യാത്രാ വഴി.

യാത്രയ്ക്കിടയിൽ പതറില്ല നദി.
യാത്രയുടെ പ്രതീകം നദി തന്നെ
മിന്നുന്ന പൂക്കൾ ഒഴുകുന്ന നദികൾ
യാത്രയുടെ വഴികൾ നദിയുടെ ജീവിത വരികൾ.

NEETHU MANOJ
7 C

# സ്വർണ്ണമീനും കാക്കയും

ഒരു കുളത്തിൽ ഒരു  സ്വർണ
മീനുണ്ടായിരുന്നു.വലിയ
അഹങ്കാരിയായിരുന്നു അവൻ.
'അയ്യയ്യോ'
നിങ്ങളെയൊക്കെ കാണാൻ
ഒരു ഭംഗിയുമില്ല. എന്നാൽ എന്നെ
നോക്ക്
എന്തു ഭംഗിയാണെനിക്ക്. സ്വർണ്ണ മീൻ
എപ്പോഴും മറ്റു മീനുകളെ കളിയാക്കും.
അങ്ങനെയിരിക്കെ ഒരു കാക്കച്ചേട്ടൻ
അതുവഴി വന്നു.കുളത്തിൽ എന്തോ
സ്വർണ്ണനിറത്തിൽ വെട്ടിത്തിളങ്ങുന്നത്
കാക്കച്ചേട്ടന്റെ
കണ്ണിൽപ്പെട്ടു.
"ഹയ്യട,അതൊരു സ്വർണ്ണമീനാണല്ലോ?
കാക്കച്ചേട്ടന്റെവായിൽ
കപ്പലോടിക്കാനുള്ള വെള്ളം നിറഞ്ഞു.
കാക്കച്ചേട്ടൻ വേഗം സ്വർണമീനിനെ
ഒറ്റക്കൊത്ത്.
ഭാഗ്യത്തിന് സ്വർണമീനിന്റെ ഒരു
കുഞ്ഞിച്ചിറകിനു

മാത്രമേ കൊത്തുകൊണ്ടുള്ളൂ.
ഏതായാലും സ്വർണമീനിന് നന്നായി
വേദനിച്ചു.
തനിക്ക് സ്വർണനിറം ഉള്ളതുകൊണ്ടാണ്
കാക്കച്ചേട്ടൻ
കൊത്താൻ വന്നതെന്ന് സ്വർണമീനിന്
മനസ്സിലായി.
അതോടെ സ്വർണമീനിന്റെ
അഹങ്കാരമെല്ലാം പമ്പ
കടന്നു.നല്ല ഒരു കുഞ്ഞു മീനായി അവൻ
കുളത്തിൽ
കഴിഞ്ഞു കൂടി.

ഗുണപാഠം::നമ്മുടെ അഹങ്കാരം നമുക്ക്
ആപത്തുണ്ടാക്കും

SHEBINA
9 A

# അമ്പിളിഅമ്മാവൻ



അമ്പിളിഅമ്മാവാ നല്ലൊരു അമ്പിളിഅമ്മാവാ....

സന്ധ്യനേരത്ത് വന്നു തിളങ്ങുന്നു.

ആരോടുമെന്താ മിണ്ടാത്തെ

എന്നരികിലെന്താ വന്നു കൂടാത്തെ

എന്നടുത്തു വന്നാൽ ഞാനൊരു ഉമ്മതരാം.

(അമ്പിളി അമ്മാവാ)

കാറ്റോ,കാറോ,കാർമുകിലോ

കാറ്റിൽ പറക്കും പറവകളോ

തേനിൽ വിരിയും പൂഷ്പങ്ങളോ

മൂളിനടക്കും വണ്ടുകളോ

പച്ചപ്പുല്ലിൽ പുൽച്ചാടിയോ

തേനിൽ മയങ്ങും തേനീച്ചകളോ

(അമ്പിളി അമ്മാവാ)

രാത്രിയും,പകലും വരവായി

നീ എന്നും എൻ മനസ്സിൽ നിരയായി

എൻ ബാല്യവും നിൻ ബാല്യവും

ഒന്നാണോ എന്ന് എൻ മനസ്സിൽ

എൻ സ്നേഹവും സസ് സ്നേഹവും

സ്നേഹത്തിലാഴം എൻ കൊച്ചു അമ്പിളി അമ്മാവാ.....

(അമ്പിളിഅമ്മാവാ)

സ്നേഹസ്സി എസ് 7A

# ഓർമച്ചെപ്പ്

ഗോസ്തലക്കാവ് ദേവി ചൈതന്യത്താൽ
വിളിക്കുന്ന
പ്രാക്കുളം എൻ എസ് എസ്
ഹയർസെക്കന്ററി സ്കൂൾ
വർഷങ്ങൾ പിന്നിടുമ്പോൾ ഞാനൊരു
ചെറിയ
കുട്ടിയായിരുന്ന കാലം
ഞാനിന്നുമോർക്കുന്നു
സ്നേഹവാത്സല്യങ്ങൾ,ശാസനകൾ
ഇവയെല്ലാം
തന്നെന്നെ വലുതാക്കിയ എൻ
ഗുരുനാഥൻമാർ
മൺമറഞ്ഞ് പോയവർ വിശ്രമ ജീവിതം
നയിക്കുന്നവർ
എല്ലാം കാലത്തിന്റെ വികൃതികൾ
ആ വികൃതികൾക്കൊടുവിൽ
ഞാനുമൊരദ്ധ്യാപികയായി
പ്രാക്കുളം എൻ എസ് എസ് സ്കൂളിൽ
അധ്യാപനം ഇഷ്ടമായൊരുകലയായാണ്
ഞാൻ എതിരേറ്റത്
എൻ ഗുരുക്കൻമാരോടൊപ്പം

ഞാനും അദ്ധ്യാപനം തുടർന്നു
ആ കാലം എത്ര മഹത്തരമായിരുന്നു
ഞാനത്രയും ബഹുമാനിക്കുന്ന
എന്റദ്ധ്യാപകർ
ഭയവും സ്നേഹവും
കലർന്നോരിഷ്ടമായിരുന്നെൻ
ഗുരുനാഥൻ മാരോടെനിക്ക്
എത്ര പറഞ്ഞാലും മതിവരില്ലെനിക്കെൻ
ഗുരുനാഥൻമാരുടെ ഓർമകൾ
ആ കാലം വിടപറഞ്ഞു
പുതിയ തലമുറ നാമ്പുനീട്ടി
ഗുരുശിഷ്യ ബന്ധത്തിനാഴമറിയാത്ത
പുതു തലമുറയെ അതുപഴിക്കാൻ
കർക്കശ ഭാവവും സ്വാർത്ഥതാ ഭാവവും
ഒത്തൊരുമിക്കുന്നൊരീ ഭൂവിൽ
ഏത് കാര്യവും തന്നിഷ്ടപ്രകാരം
ചെയ്യാനാഗ്രഹിക്കുന്നവർ
മുൻപിൻ നോക്കാതെ
കയത്തിലിറങ്ങുന്നവൻ
കയത്തിലെത്തിപ്പെട്ടാൽ രക്ഷപെടാനാകെ
വന്നവർ
ചുറ്റും വിഷം ചീറ്റുന്ന വസ്തുക്കൾക്കൊണ്ട്
നിറയുന്നു

അറിയാതെ അതിൽ അകപ്പെട്ടവർ
രക്ഷ കിട്ടാതെ വലയുന്നു
ഇവർ ചെയ്യുന്നതെന്തെന്ന്
ഇവർ പോലുമറിയുന്നില്ല
രോഗ മുക്തമായൊരു മനസ്സും ശരീരവും
ഉള്ളവർ
നാളത്തെ നാടിന്റെ സ്വത്തായി മാറണം
അച്ഛനുമമ്മയ്ക്കും താങ്ങും തണലുമായി
മാറണം
അച്ഛനു മമ്മയും ലാളിച്ചു വളർത്തുന്നൊരീ
മക്കൾ

**L .ANITHA**
**HST CHEMISTRY**
**N S S H S S PRAKKULAM**

# അപ്പൂപ്പനും അമ്മൂമ്മയും ചാമ്പക്കയും

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു.അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരത്തിൽ നിറയെ ചാമ്പക്ക ഉണ്ടായി.ചാമ്പ മരം മുഴുവൻ ചാമ്പക്ക പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു."എന്ത് രസമാണ്ചാമ്പക്ക കിടക്കുന്നത് കാണാൻ".നമുക്ക് ഇതാർക്കും കൊടുക്കേണ്ട.അടുത്ത വീടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം.

ഇതുകേട്ട് അപ്പൂപ്പൻ പ-
റഞ്ഞു."ശരിയാ,ഇതാർക്കും കൊടു-
ക്കേണ്ട. നമുക്ക് കഴിക്കേണ്ട.എന്നും കണ്ടുകൊണ്ടിരിക്കാം".

അപ്പൂപ്പനും അമ്മൂമ്മയും
ചാമ്പക്ക് കാവലിരുന്നു. അവർ ചാമ്പക്ക പറിക്കാൻ വന്ന
കുട്ടികളെ-
യെല്ലാം ഓടിച്ചു.അവർ പഴുത്തു ചുവ-
ന്ന ചാമ്പക്ക സന്തോഷത്തോടെ
കണ്ടുകൊണ്ടിരുന്നു.


അങ്ങനെയിരിക്കെ അവരുടെ ചാമ്പക്ക രാത്രിയിൽ
ആ-
രോ പറിക്കുന്നുണ്ടെന്ന് അവർക്ക് മനസ്സിലായി.അവർ ആളെ
കണ്ടുപിടിക്കാൻ തീരുമാനിച്ചു
അത് ഒരു മരപ്പട്ടിയാണെന്ന്
അവർക്ക് മനസിലായി

അപ്പൂപ്പനും അമ്മൂമ്മയും മര-
പ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന്
തലപുകഞ്ഞാലോചിച്ചു.അങ്ങനെ അമ്മൂമ്മ പറഞ്ഞു;"രാത്രി
ആകു-
മ്പോൾ അപ്പൂപ്പൻ ചാമ്പമരത്തിൽ
മുകളിൽ ഇരിക്കണം.മരപ്പട്ടി വരു
മ്പോൾ അതിനെ കുലുക്കി താഴേക്കിടണം.ഞാൻ ഒരു വടിയു-
മായി താഴെ ഇരിക്കാം.ഞാൻ അതിനെ അടിച്ചു കൊല്ലാം അപ്പൂ-

പ്പൻ സമ്മതിച്ചു.
അങ്ങനെ രാത്രിയാ-
യി.അപ്പൂപ്പൻ ചാമ്പ മരത്തിനു മുക-
ളിൽ പുതച്ചു മൂടിയിരുന്നു.അമ്മൂമ്മ
ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരു-
ന്നു.കുറെ നേരമായിട്ടും മരപ്പട്ടി വ-
ന്നില്ല.അപ്പൂപ്പന് ഉറക്കംവന്നു തു-
ടങ്ങി.അപ്പൂപ്പൻ അങ്ങനെ ഇരുന്ന്
ഉറങ്ങിപ്പോയി.ഉറങ്ങി മരത്തിൽ നിന്ന് താഴേക്ക്
വീണു.രാത്രിയല്ലേ
അമ്മൂമ്മയ്ക്കുണ്ടോ കണ്ണുകാണാൻ പറ്റു-
ന്നുമില്ല.അമ്മൂമ്മ മരപ്പട്ടിയാണെന്ന്
വിചാരിച്ച് അപ്പൂപ്പനെ അടിയോടടി.
അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ
തുടങ്ങി.
നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ
അമ്മൂമ്മയ്ക്ക് തോന്നി."ഇത് മരപ്പട്ടി-
യുടെ സ്വരമല്ലല്ലോ.ഒരു മനുഷ്യന്റെ
സ്വരമാണല്ലോ?"അമ്മൂമ്മ പുതപ്പുമാ-
റ്റി നോക്കിയപ്പോൾ,അതാ പാവം
അപ്പൂപ്പൻ അടി കൊണ്ട് അവശനാ-
യി കിടക്കുന്നു.അമ്മൂമ്മയ്ക്കും വിശമമാ-
യി.
പിന്നിട് അവർ എ-
ല്ലാവർക്കും ചാമ്പയ്ക്ക കൊടുക്കാൻ
തുടങ്ങി.കുട്ടികളുടെ സന്തോഷം ക-
ണ്ടപ്പോൾ അവർക്കും സന്തോഷം
തോന്നി.

ഗുണപാഠം:നമുക്കുള്ളത് മറ്റുള്ളവരു-
മായി പങ്കുവച്ചാൽ സന്തോഷം ഇര-
ട്ടിയാകും.

SHEBINA
9A


Althaf 9B

# എങ്ങനെ നല്ലൊരു അദ്ധ്യാപകനാകാം

നമ്മൾ എല്ലാവർക്കും പ്രത്യേകിച്ച് ബി .എഡ് പഠനം തുടങ്ങുന്നവരുടേയും പഠിച്ചുകൊണ്ടിരിക്കുന്നവരുടേയും മനസ്സിൽ ഉരുത്തിരിഞ്ഞുവരുന്ന ഒരു ചോദ്യമാണ് എങ്ങനെ ഒരു നല്ല അദ്ധ്യാപകനാകാം എന്നത്. ഈ ലേഖനം അതിനുവേണ്ട ഒരു ഉപദേശമായി നിങ്ങൾക്കു തോന്നരുത് . കാരണം ഇതിൽ ഞാൻ പങ്കുവെയ്ക്കുന്നത് ഒരു അദ്ധ്യാപകൻ എന്ന നിലയിൽ എനിക്ക് അനുഭവപ്പെട്ട കാര്യങ്ങൾ മാത്രമാണ് . ഇതു വായിച്ച് കഴിയുമ്പോൾ നിങ്ങളിൽ ചിലർ ക്കെങ്കിലും ഇതിലെ കുറച്ചുകാര്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിയുന്നുവെങ്കിൽ അതുമാത്രമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം എന്നു പറഞ്ഞുകൊണ്ട് തുടരട്ടെ.

ഒരു നല്ല അദ്ധ്യാപകൻ എങ്ങനെ ആകണം എന്നു ചോദിക്കുമ്പോൾ ഒരുപാട് ഉത്തരങ്ങൾ നമ്മുടെ മനസ്സിൽ ഉരുത്തിരിഞ്ഞു വരാറുണ്ട്. എങ്കിലും പെട്ടെന്ന് ഒരു ക്ലാസ്സ് മുറിയുടെ ഉള്ളിൽ നിന്നു കൊണ്ടുമാത്രം ചിന്തിക്കുകയാണെങ്കിൽ ഉച്ചത്തിൽ സംസാരിക്കുകയും ക്ലാസ്സ് മനോഹരമായി എടുക്കുകയും ചെയ്യുന്ന അദ്ധ്യാപകനാണ് നല്ലത് എന്നു തോന്നാം.എന്നാൽ അദ്ധ്യാപകന്റെ പരിധി ക്ലാസ്സ് മുറിക്കുള്ളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല എന്നതാണ് യാഥാർത്ഥ്യം. ഒരു പക്ഷേ കുട്ടികളുടെ മനസ്സിൽക്കൂടിപോലും ഒരു അദ്ധ്യാപകനു സഞ്ചരിക്കേണ്ടിവരും. അതിനു നമ്മൾ ആദ്യം മനസ്സിലാക്കേണ്ടത് എന്താണ് വിദ്യാഭാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്നാണ്. വിദ്യാഭാസം ഉദ്ദേശിക്കുന്നത് കേവലം പാഠങ്ങൾ പഠിച്ച് അതിന്റെ ഉത്തരമെഴുതി മാർക്ക് നേടുക എന്നതല്ല.മറിച്ച് ഓരോ പാഠത്തിന്റെ പിന്നിലും ഒരു ലക്ഷ്യമുണ്ട് എന്നതാണ് വാസ്തവം.

## *കുട്ടികളെ അറിയണം*

ഒരു നല്ല അദ്ധ്യാപകന് ആദ്യമായി വേണ്ടത് അദ്ദേഹം തന്റെ കുട്ടികളെ അറിയണം എന്നതാണ്. അറിയുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവരെ കണ്ടാൽ തിരിച്ചറിയുക, അവരുടെ പേരുകൾ അറിയുക എന്നതു മാത്രമല്ല കുട്ടിയെ, അവന്റെ പെരുമാറ്റത്തെ, അവന്റെ മാനസക നിലാരത്തെ അളക്കാൻ നമ്മുക്ക് കഴിയണം. അവന്റെ പെരുമാറ്റം എന്തുകൊണ്ട് ഇങ്ങനെ എന്നൊക്കെ നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഉദാഹരണമായി ചില കുട്ടികൾ പഠനത്തിൽ പിന്നിലായിരിക്കും. ആയതുകൊണ്ട് അവൻ മോശം പ്രവർത്തികളിലൂടെ മറ്റ കുട്ടികൾക്കിടയിൽ ശ്രദ്ധ നേടാൻ ശ്രമിക്കാറുണ്ട്.ഇതു മനസ്സിലാക്കുന്ന നമ്മൾ അവനെ പഠനത്തിലേക്കും അവന്റെ സ്വഭാവ പരിവർ ത്തനത്തിലേക്കും കൊണ്ടുവരേണ്ടതാണ്.നിങ്ങൾ ചിന്തിക്കുന്നുണ്ടാവും കുട്ടികളെ കാണുമ്പോൾ എങ്ങനെ അവന്റെ സ്വഭാവം തിരിച്ചറിയാൻ കഴിയുമെന്ന്.

## *എല്ലാ കുട്ടികളും തുല്യരാണെന്ന് മനസ്സിലാക്കുക.*

നമ്മുടെ മുന്നിലേക്ക് വരുന്ന കുട്ടികൾ എല്ലാവരും തന്നെ പല സാമൂഹിക-സാമ്പത്തിക-സാംസ്കാരിക ചുറ്റപാടിൽ നിന്നും വരുന്നവരായിരിക്കും. അവർ 50 പേരുണ്ട എന്നിരിക്കട്ടെ അവർ അൻപതു പേരും അൻപതു തരത്തിലുള്ളവർ തന്നെയാണ് എന്നതാണ് സത്യം.ഈ വൈരുദ്ധ്യം നമ്മൾ തിരിച്ചറിയുകയും അതിനെ നമ്മൾ അംഗീകരിക്കുകയും വേണം. ചില അദ്ധ്യാപകരെ നിരീക്ഷിച്ചാൽ നമ്മുക്ക് അറിയാം. അവർ ചില കുട്ടികൾക്ക്,പ്രത്യേകിച്ച് പഠനത്തിൽ മുന്നോട്ട് നിൽക്കുന്ന കുട്ടികൾക്ക് മാത്രെ പ്രാധാന്യം നൽകി പാഠ്യഭാഗങ്ങൾ കൈകാര്യം ചെയ്യുന്നു.ഇതു

ക്ലാസ്സിലെ മറ്റ കുട്ടികൾക്ക് അദ്ധ്യാപകനെപ്പറ്റി ഒരു മോശം ചിത്രീകരണം രൂപപ്പെടുത്തുന്നതിന് ഇടയാക്കാറുണ്ട്. ക്ലാസ്സിൽ എല്ലാ കുട്ടികളും തുല്യരാണ് എന്ന നിലയിലായിരിക്കണം നമ്മുടെ പെരുമാറ്റം. നമ്മുടെ കണ്ണുകൾ എല്ലാവരിലും എത്താൻ ശ്രമിക്കണം.കുട്ടികളുടെ വിഷയങ്ങളിൽ ഇടപെടുമ്പോൾ നമ്മൾ നിഷ്പക്ഷരാണ് എന്ന് കുട്ടികൾക്ക് തോന്നണം. എന്നാൽ മാത്രമേ അടുത്ത തവണ കുട്ടികൾ നമ്മളെ സമീപിക്കുകയുള്ളൂ. ചില സമയങ്ങളിൽ വലിയ കുറ്റം ചെയിത കുട്ടികളെ വെറുതെ വിടുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ഇതു ചിലപ്പോൾ ആ കുട്ടിയെ തെറ്റ് ആവർ ത്തിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കാം. കുട്ടിയുടെ സ്വഭാത്തിന്റേയും സാഹചര്യത്തിന്റേയും അടിസ്ഥാനത്തിൽ നമുക്ക് തീരുമാനം എടുക്കാൻ കഴിയണം.

ചന്ദ്രലാൽ

എച്ച് എസ് റ്റി (സാമൂഹ്യശാസ്ത്രം)

# IMPORTANCE OF EDUCATION

**Education is most important factor in our life.**
**Education plays a major role in shaping a person. Education is important in all sectors. In earlier periods, education only took place in the schools in the books or texts. The teachers will teach students through these. To earn or achieve a good manner of education will not only through the looks it is from experience, Which will get directly from the nature. But nowadays the education system became Hi-Tech. The new system of education with the help of the ICT[Information and Communication Technology]. The use of internet and the apps such as Samagra and Diksha Qr Code Scanner has taken its place in moulding advanced education opportunities among the students. The misuse of internet is not good for education. Education is very essential for securing good income. The various qualities of education flourished from the 18$^{th}$ century enabled to create unity and nationalism among the people irrespective of caste and religion. The education had a pivotal role during the British Period. Some of the educational institution played a major role in moulding the nationalism or gaining a major role in education like the Deccan educational society by G G Agarkar ,Bala Gangdhara Tilak and Mahadev Govinda Ranade in the year 1884.The first Indian University formed by D K Karve in the year 1916 with the aim to the Woman Empowerment and the major educational institutions like Viswa Bharati**

University founded by Rabindranath Tagore and Wardha Plan by Mahathma Gandhi in giving Vocational Education. The Jamia Milia Islamic University by major leaders such as Moulana Muhammad Ali,Moulana Shoukath Ali, Dr Sakir Hussain and M A Ansari with the leadership of Mahathma Gandhi and the Kerala Kala Mandalam at Cheruthuruthy by the renowned Malayalam poet Vallathol Narayana Menon also paved or played a pivotal role in the field of education.

The famous quote from our former President Dr A P J Abdul Kalam _"Education is the most powerful weapon which you can see to change the world" inspired the society well.The people acquired the education not only from books,but also in relation with the nature. So education is a very powerful weapon. The women who strived for the education where also prominent among them. MALALA YOUSAFZAI said "One Pen-One Book and One Thought must change the World" .So i strongly believe that education is most important in our life in all sectors.

AKHIL S
10 D

# RAIN

**Rain Rain Come Again,**
**The Farmers Are Waiting,**
**Their Fields Are Longing**
**To Quench The Thirst**

**Rain Is The Most Beautiful**
**Thing In The World,**
**If You Are Angry**
**You Come As Flood And**
**Destroy The World,**

**When You Shower Well**
**Little Children Play With Boats**
**Makes Everyone Happy,**
**And Feels Chill.**

**APARNA A**
**8 B**

# *BlueWaves*

Blue Waves ,Blue Waves
On a Deep Sea.
When you calm down
I feel sad
When you come up
I feel joy
Blue Waves ,Blue Waves
On a Deep Sea.

**LENA.P**

**6 B**

# THANKS